**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3028** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരപാത വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരപാത വികസനം രണ്ടാം ഘട്ട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ 10 കോറിഡോറുകളിലായി 28.84 കി.മീ. വികസിപ്പിക്കുന്നതിന് തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) പ്രകാരം ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത 10 റോഡുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു. ടി പ്രവൃത്തിക്കായി 342.62 കോടി രൂപ (സ്ഥലമേറ്റെടുപ്പ് ഇല്ലാതെ) അടങ്കൽ തുകയായി കണക്കാക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായി ഏകദേശം 277.87 കോടി രൂപ ആവശ്യമായി വരും. ഇതിൽ കോറിഡോർ 4, 5, 6, 9 – ൽ നാലുവരി പാതയായും ബാക്കി കോറിഡോറുകളിൽ രണ്ട് വരി പാതയായുമാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. കോറി ഡോറിന്റെ നടപ്പാതയുടെ വീതി 1.8 & 2.0 മീറ്ററാണ്. ഈ പദ്ധതിയിൽ നാല് വരിപാതയായ പനാത്തുതാഴം മേൽപാലവും (394.05 മീറ്റർ), കോറിഡോർ 2, 4, 6, 7 ൽ ചെറിയ പാലങ്ങളും ഉൾക്കൊള്ളിച്ച് നടപ്പിലാക്കാനാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | പനാത്തുതാഴം - ഗാന്ധിറോഡിൽ സരോവരം പ്രദേശത്ത് മേല്പാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ 10 കോറി ഡോറുകളിലായി 28.84 കി.മീ. വികസിപ്പിക്കുന്നതിന് തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) പ്രകാരം ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത 10 റോഡുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു. ടി പ്രവൃത്തിക്കായി 342.62 കോടി രൂപ (സ്ഥലമേറ്റെടുപ്പ് ഇല്ലാതെ) അടങ്കൽ തുകയായി കണക്കാക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായി ഏകദേശം 277.87 കോടി രൂപ ആവശ്യമായി വരും. ഇതിൽ കോറിഡോർ 4, 5, 6, 9 – ൽ നാലുവരി പാതയായും ബാക്കി കോറിഡോറുകളിൽ രണ്ട് വരി പാതയായുമാണ് |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. കോറിഡോറിന്റെ നടപ്പാതയുടെ വീതി 1.8 & 2.0 മീറ്ററാണ്. ഈ പദ്ധതിയിൽ നാല് വരിപാതയായ പനാത്തുതാഴം മേൽപാലവും (394.05 മീറ്റർ), കോറിഡോർ 2, 4, 6, 7 ൽ ചെറിയ പാലങ്ങളും ഉൾക്കൊള്ളിച്ച് നടപ്പിലാക്കാനാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഇത് ഒരു ഡിസൈൻ -ബിൽഡ് - ഫിനാൻസ്- ഓപ്പറേറ്റ് - ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.റ്റി) മാതൃകയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | റോഡുകളുടെ പേര് |
|---|---|
| 1. | അരയിടത്തുപാലം - ആഴക്കൊടി ക്ഷേത്രം - ചെറൂട്ടി നഗർ റോഡ് |
| 2. | കല്ലുത്താൻകടവ് - മീഞ്ചന്ത റോഡ് |
| 3. | മാളിക്കടവ് - തണ്ണീർപ്പന്തൽ റോഡ് |
| 4. | മുഴിക്കൽ കല്ലുണ്ടിത്താഴം റോഡ് |
| 5. | മാനാഞ്ചിറ - പാറങ്ങാട് റോഡ് |
| 6. | കരിക്കാംകുളം - സിവിൽ സ്റ്റേഷൻ കോട്ടൂളി റോഡ് |
| 7. | പെരിങ്ങൊളം ജംഗ്ഷൻ റോഡ് |
| 8. | മാൻകാവ് - പോക്കുന്ന് - പന്തീരൻകാവ് റോഡ് |
| 9. | കൊത്തിപ്പാലം - ചക്കുംകടവ് - പന്നിയങ്കര ഫ്ളൈ ഓവർ |
| 10. | മിനി ബൈപാസ് - പനാത്തുതാഴം ഫ്ളൈ ഓവർ |

സെക്ഷൻ ഓഫീസർ